VEDAVYASA COLLEGE OF
ARTS AND SCIENCE



# Inizio 2k18

*In Memory of*



**LATE SRI. VIJAYAKUMARAN NAIR**

The Founder Chairman of
Vedavyasa Trust
and Vedavyasa Group of Institutions

# Inizio 2k18

| | | |
|---|---|---|
| Staff advisor | : | Mrs. Sreeja O.K.<br>Mr. Sai K Bharath |
| Staff editor | : | Ms. Reshma K R |
| Student editor | : | Prasanth Kumar |
| Associate editors | : | Jithin P.P<br>Deepak<br>Muhammed Rasheeque<br>Drishya |
| Photography | : | Abhilash |
| Special Thanks | : | Ms. Amitha<br>Ms. Athira T.C<br>Ms. Megha |


*Best Compliments From,*

**SITHARA TEXTILES**
Kuthiravattam (PO)
Kottoli, Mavoor Road, Calicut



# MESSAGE

## The Man who sees tomorrow...

There is no short cut to success. It is always the ordinary people who do extraordinary feats...

The aim of modern higher technical education as envisaged by renowned educationists is to facilitate the students to master the entire gamut of skills required of a successful professional. The role of such centres of excellence that abide by this basic principle is far reaching. They not only fulfil the career aspirations of the students but also fuel the needs of regional and national development. Vedavyasa Group of institutions has emerged as an oasis of modern technical education in Kerala. It has taken the onerous responsibility of providing quality and meaningful education. Globalization and fast changing technologies integrated with modern managerial procedures have added new dimension to the method and scope of professional and technical learning. Vedavyasa Group of Institutions (Which included Vedavyasa institute of Technology, Vedavyasa College of Architecture, Vedavyasa College of Arts and Science, Vedavyasa Matriculation Higher secondary school and C.I.E.T (its)) has taken cognizance to these new challenges. We have girded up our loins for making a world class institution ably assisted by a team of erudite faculty and replete with all modern amenities and paraphernalia.

The high quality infrastructure, well qualified faculty members, highly equipped laboratories and research centres, modern library facilities, top-notch facilities for sports & games and co-curricular activities, coupled with student centric teaching-learning process facilitate the students to choose and achieve what they want. It is indeed a matter of great satisfaction and pride for me to note that significant improvements have been made in the sphere of imparting most modern higher education in our college. Quality comes not by chance. it is the consequence of strong intentions, intelligent decisions, sincere effort and skilful executions.

I welcome aspiring youths to join our institution to realize their ambition, objectives and achieve higher goals through higher education.

**Dr. Arun Korath**
Director

# PRINCIPAL'S MESSAGE



Dear colleagues, parents,students, alumni and well-wishers,

Vedavyasa College of Arts and Science., Karadparamba, is spearheaded by a group of highly committed and dedicated Management Team, viz, Vedavyasa Trust. Our college is a self-financing higher educational institution, affiliated to Calicut University, recognized by the Government of Kerala, situated in an ideal eco-friendly lush green land very near to Ramanattukara.

The institution is playing a pivotal role in the socio-economic development of the rural areas in Malappuram and Kozhikode Districts. Our students are encouraged to join the college level Clubs, Cells, Associations etc. for developing their co-curricular and extra-curricular talents.

We believe in openness of mind, dignity of conduct and mutual respect in the back ground of social, economic, cultural, religious and linguistic diversity and develop a confident understanding of the role of a student in the Global society. We are giving special attention in developing the inter and intra-personal skills of students through soft- skill, aptitude, personality, career and entrepreneurial development programmes. We enjoy beautiful infrastructure, playground, football court, volley ball court, Wi-Fi internet facility, computer lab, seminar hall, safe drinking water facility, good canteen, boys' and girls' hostels,college bus and all other students' amenities.

I am thankful to the dedication and commitments of the faculty, supporting staff and disciplined students of our college. Our management is always vigilant in constantly equipping the Institution to attain its vision and mission. I hope that the students may make use of those facilities and become more confident, academically bright and morally strong.

The first venture of students of VCAS to bring out a magazine is highly appreciable and I wish all students and teachers behind this work all success and hope this magazine will be one of the best in this area.

**Dr. A.Rajan Nambiar**
Msc., M.Phil., Ph.D.



# MESSAGE

Dear magazine readers,

It is my pleasure to write a short note, in the magazine of Vedavyasa Arts and Science College.

"All that glitters is not gold, but definitely gold glitters"

The golden students of VCAS have come up with the idea of releasing a magazine which could showcase their talents in writing literature. I am sure that every student has got talent and this magazine is going to be a stage for it.

Life needs a break from regular academics; life needs a change from regular routines; Life needs an extension from regular activities. It is the time for the students to think of something creatively and do participate in bringing this magazine as a successful release.

All the best for the students and staff who are toiling to make this true.

**Dr. Sangheethaa S.**
Principal, VVIT



# A NOTE FROM STAFF EDITOR'S DESK

Inizio exhibits the literary skills of our students. It is the display of budding writer or artist within them. I am sure that the pages of this magazine will make you feel happy and make some interesting reading. I would like to extend my sincere thanks to the active support of the management, principal, faculty and students etc. I congratulate the whole magazine team for their effort to make Inizio innovative and inspiring.

**Ms. Reshma K.R.**
Asst. Prof.



There is no class to teach how we should speak. But the way we speak definitely decides our class.

(Compiled From Whatsapp)

**Mrs. Shylaja**
AO, VCAS

# Contents






06 Editorial

07 Onam Celebration

08 Food Festival

09 Ethinic Day Celebration

10 College Day Celebration

11 National Level Winners

Yoga day

Industrial visit

14 വേഴാമ്പൽ

15 ഓർമ്മകൾ

16 ഒരുമയിലൂടെ അതിജീവനം

17 ഓർമ്മകളിലെ നിശാഗന്ധി

18 ഒരു ഗുഹയുടെ ആത്മകഥ!

20 പ്രിയ സഖി

21 വിദ്യകൊണ്ട് അറിയേണ്ടതറിയാതെ

22 വിധി

23 മരണവീട്ടിലെ ചിരിയരങ്ങ്

23 Friendship

24 യാത്രയപ്പ്








# Editorial

കൂട്ടരേ....

ജീവിതത്തിലെ ഒരു സുപ്രധാന ഭാഗമാണ്
ഈ കലാലയജീവിതം..
ഇണക്കങ്ങളും കൂടെ പിണക്കങ്ങളും വാശിയും
പറയാതെ പോയ ഇഷ്ടങ്ങളും
പറഞ്ഞിട്ടുംകിട്ടാത്ത മറുപടിയും ഒക്കെ ഈ ഒരു
നിമിഷത്തിൽ കടന്നുപോകുന്നു.
മറക്കാനും പൊറുക്കാനും ചിരിക്കാനും എല്ലാം നാം
പഠിച്ചു.
പഠിക്കുക.. കാരണം
നാം ഒത്തുചേർന്നത് ഒരു ചരിത്രം രചിക്കാൻ
വേണ്ടിയാണു...
ഈ പുതുചരിത്രം രചിക്കാൻ സഹായിച്ച,
സഹകരിച്ച,കൂടെ നിന്ന എല്ലാവർക്കും ഒരായിരംനന്ദി ...

***പ്രശാന്ത് കുമാർ പി.***
സ്റ്റുഡൻറ് എഡിറ്റർ



# Onam Celebration

Vedavyasa Arts and Science College celebrated Onam on the college premises. The celebration began with a Singarimelam procession from the college entrance to the main block. Cultural events were conducted as part of the celebration. Events such as flower carpet competition, tug-of-war, breaking the pot, lemon & spoon race, filling the bottle with water, Thiruvathirakali etc. and onasadhya were conducted.



ACADEMIC CALENDAR





# Food Festival (Comida 2k17)

The students of our college recently organized a food festival at the institute which was titled as "COMIDA 2K17"which featured popular cuisines of the Malabar. This festival is successfully executed by the students under the guidance of teachers. The dishes of the festival included MalabarDham-Biriyani, Chattipathiri, Fried chicken, Kabab, Milk products, Payasam etc.



Ethinic Day Celebration 2K18












# COLLEGE DAY CELEBRATION

One of the most anxiously awaited moment of our college. The annual day cultural program was held at Tagore Centenary Hall, Kozhikode. It was a 3 days programpresided over by the Principal, the viewers were stunned by the breath taking performance of students. Our Principal distributed prizes among the participants performed well in the function.





# NATIONAL LEVEL WINNERS





Aadhil Rahman (B.Com-Finance) bagged Silver in O-Sport National kickboxing held at Delhi in 2017. Anusree K.M.(BSc. Maths) won the Bronze in National Taekwondo championship held at Calcutta in 2017.



# Yoga day (21 June 2018)

In connection with International Yoga Day we arranged a special yoga session in which the students and teachers along with the Principal performed various "Asanas". The main aim was to raise awareness and ignite a passion for fitness and yoga among students. In the present day when students face stress, tension, fear etc. simple Asanascan help to dispel these.









# Industrial visit

As a part of co-curricular activity final year students of our college conducted an Industrial Visit and study tour. Tour gave students refreshing, enlightening, adventurous, nostalgic and tremendous learning experience through visit of some prominent places

# INDUSTRIAL VISIT










Nijeesh krishnan.k.k
3rd year Bcom.

Soli Murali A.P.
Bsc. Maths

# വേഴാമ്പൽ



മോഹങ്ങളുറങ്ങി ഇനിയുണരാതെ
താളങ്ങളകന്നു മടിയോടെ
തോരാതെകണ്ണീർ വീണുടയുമ്പോൾ
കനലായെരിയുന്നനെഞ്ചം അണയാതെ .
ഓർമ്മകൾകണ്ണീരാവുമ്പോൾ
നോവിൻ കടലായുള്ളം....
ഓരോകടലലയായി വന്നടിയുണരും
നീയെന്നകനൽ സൂര്യൻ ....
നിന്നോർമ്മതൻതീക്ഷണമാം ജ്വാലകൾ
എന്നിൽപതിയുമ്പോൾ
വീണ്ടുംനിന്നെഞാൻ  കൊതിച്ചീടുന്നു ....
നോവേറെയെന്നാലും ഒരുമഞ്ഞുകണം പോൽ
ഭംഗിയേറിയനിൻനനുത്തോർമ്മകൾ
കുഞ്ഞിളുംതെന്നലായുള്ളിൽ തഴുകുമ്പോൾ
മോഹമുണരുന്നു കനവേറുന്നു ....
എങ്കിലുംനിനക്കായി  ഞാൻമാഞ്ഞുപോയിടാം ..
നിന്നോർൻമ്മകളിൽനിന്നുമായ്
എന്നാലെനോർമമകളിൽ നീയെന്റെചങ്കിടിപ്പായ്
എൻ  കണ്ണുറങ്ങുന്നനാൾവരെഈഭൂമിൽ
എന്നോടുചേർന്നുതന്നെയുണ്ടാകും ...
നീയെനിക്കെന്റെ പ്രണയമായിരുന്നില്ല ,
എന്റെആത്മാവുതന്നെയാവാം...
അതായിരികാം നിയകറ്റിയനാൾമുതൽ
ഈഇരുമ്പടികൂടിനുള്ളിൽ  ഇരുട്ടിൻറെതോഴിയായത് ...
എന്റെവെളിച്ചവും ശ്വസവും നീയായിരുന്നു ...
എന്റെമോഹങ്ങളും  നീയായിരുന്നു ...
ഇന്നതെല്ലാം വാക്കിലലിയുമ്പോൾവീണ്ടും തേടുന്നുനിന്നെഞാൻ
മഴതേടുന്ന  വേഴാമ്പലായി...





I[st] YEAR B.A ENGLISH



I[st] YEAR B.COM C A



Ist YEAR B.COM FINANCE



Ist YEAR B.SC MATHS



IInd YEAR B.SC MATHS



IInd YEAR B.COM

**Sreechand**
**1st B.com**

# ഓർമ്മകൾ



ഒരുവാസരം കൂടി തിരശ്ശീലയേകവേ
ഞാനോർത്തുപോകുന്നുരാമുഖം
രജിനിയിൽതിങ്കൾതൻ നിലാവുപോൽ
പ്രത്യുഷ കതിരോന്റെരശ്മിപോൾ
സദാതേജസ്സൊഴുകുന്നൊരാനനം
അക്ഷികൾതാരകമൊളിവെട്ടുന്നപ്പോൾ
ദശനങ്ങൾശ്വേതസാരകമുകുളം പോൽ
ആരിവൾഭൂമിയുടെ ആത്മജയോ
അതോഗഗനസുതയോ
അറിയില്ലെനിക്കാരെന്നോ എവിടെയെന്നോ
എന്നാലാമുഖം ഇപ്പോഴുമോർമ്മയിൽ
ഒരുനാളാമുഖംപിന്നെയും കണ്ടുഞാൻ
കണ്ട ആമാത്രയിൽ ഞെട്ടിത്തരിച്ചുപോയ്
ലോകത്തിലേതോ ചതികുഴിയിൽ
ക്രൂരമായേതോകാരങ്ങളിലോ..
അവൾ പെട്ടുപോയെന്നിരിക്കാം
എന്നാലധികം കാത്തുനിൽക്കാതെ
അനശ്വരമായൊരു നിദ്രയിൽവീണവൾ
സങ്കടാഴിയിൽ വീണപോൽ
അവളുടെ ഓർമകൾ ഓർത്തിരുന്നു
തിമിരംപടർന്നൊരീസമൂഹത്തിൽ
സോദരീഇനിയും നീപിറക്കരുതേ
ജനിച്ചാൽ തന്നെനീ ഇത്രയും
മനോഹാരിത ആകരുതേ
അവരിപ്പോഴും ഇവിടെയുണ്ടുതാനും
എന്തും അവർകഴിച്ചുതീർക്കും
നശ്വരമായൊരു നന്മസമൂഹത്തി -
നെപ്പോഴും കഷ്ടപ്പാടുതന്നെ
കാലങ്ങളാണ്ടുമറന്നുതീർന്നെങ്കിലും
ഞാനോർത്തുപോകുന്നൊരാമുഖം
അനശ്വരമായഓർമ്മകൾതന്നെ
നിനക്കെപ്പോഴും ജീവിക്കാനുള്ളക്ഷേമം.

Sreechand Mo
BCom,



# ഒരുമയിലൂടെ അതിജീവനം

അതിജീവനമെന്നത് വാക്കുകൾ കൊണ്ട് പൂർണ്ണതയിലെത്തിക്കാൻ കഴിയുന്ന ഒരു വസ്തുതയല്ല, മറിച്ചു നിലനിൽപിലൂന്നിയ പ്രവർത്തനത്തിലും സംഘാടനത്തിലും ഒരുമയിലും നേടിയെടുക്കുന്നതാണ്. കാലത്തിന്റെ കളിയിൽ ഭൂമിയിൽ നിന്ന് അതിജീവിക്കാൻ സാധിക്കാതെ മൺമറഞ്ഞ എത്രയോ ജീവജാലങ്ങൾ ഉണ്ട്. കാലാന്തരങ്ങളിൽ ഈ പട്ടിക നീളംവെച്ചുകൊണ്ടിരിക്കുന്നു. കാലങ്ങൾക്ക് മുൻപ് കേരളത്തിലുണ്ടായ കനത്ത പ്രളയത്തെ അതിജീവിച്ചവരാണ് കേരളത്തിലെ ജനത. അന്ന് നഷ്ടകണക്കുകൾ രേഖപ്പെടുത്താനല്ലാതെ അതിന്റെ തീവ്രത വരാൻ പോകുന്ന തലമുറകൾക്കു കൈമാറാൻ ഒരു ഉപായവുമുണ്ടായിരുന്നില്ല. രക്ഷിക്കാനുള്ള സൗകര്യ കുറവും കാരണം ഒരുപാട് ജീവനുകൾ അന്ന് നഷ്ടപ്പെട്ടു. കാലങ്ങൾക്കിപ്പുറം കേരളം മററ്റൊരു പ്രളയത്തിനും കൂടി സാക്ഷിയായി.

എന്നാൽ കേരളം പണ്ടത്തേതിൽ നിന്നും മാറി നാലുകോടിയിലധികം ജനങ്ങൾ വസിക്കുന്ന നാടായി മാറിയിരിക്കുന്നു. കാലങ്ങൾക്കിപ്പുറം ശാസ്ത്രമേഖലയും കണ്ടുപിടുത്തങ്ങളും വലിയ മാറ്റങ്ങൾ സമൂഹത്തിൽ ഉണ്ടാക്കി. ആശയവിനിമയ ഉപകരണങ്ങൾകൊണ്ട് അനവധി ജനങ്ങൾ രക്ഷപ്പെട്ടു. ഈ പ്രളയത്തെ വിജയിച്ചതിനുള്ള അംഗീകാരം കേരളത്തിലെ ജനതക്കാണ്. രക്ഷാപ്രവർത്തനത്തിലേർപ്പെട്ടവരോ രക്ഷപ്പെട്ടവരോ മതത്തിന്റെയോ രാഷ്ട്രീയ പാർട്ടിയുടേയോ പണത്തിന്റെയോ പേരിൽ വേർപിരിഞ്ഞില്ല. അവർ ഒറ്റക്കെട്ടായി നടത്തിയ ധീരമായ സമീപനത്തിന്റെ വിജയമായിരുന്നു. നാളിതുവരെ ചുമരുകൾക്കിടയിൽ തളച്ച അവരുടെ മനസുകൾ ചുമർ തകർത്തിരിക്കുന്നു.

ക്യാമ്പിലേക്ക് ഒറ്റപ്പെട്ടുവന്നവർ തിരിച്ചുപോകുമ്പോൾ ഒരു കുടുംബമായി മാറിയിരിക്കുന്നു. അതിജീവനത്തിന്റെ പിന്നിലുള്ള സത്യം ഈ ജനതയുടെ തിരിച്ചറിവായിരുന്നു. പണ്ട് വസൂരി രോഗം പിടിച്ച കാലം രാജ്യങ്ങൾ തന്നെ അസുഖബാധിതരെ ഒറ്റപ്പെട്ട സ്ഥലങ്ങളിലേക്കയച്ചും മാറ്റി നിർത്തിയും കഴിച്ചുകൂട്ടേണ്ടിവന്നു. രോഗത്തിനുള്ള മരുന്നുകൾ കണ്ടു

പിടിക്കാൻ വൈകുന്തോറും രോഗികൾ കൂടികൂടി വന്നു. കാലങ്ങൾക്കിപ്പുറം മറ്റൊരു പകർച്ച വ്യാധി കേരളത്തിനെ കീഴടക്കിയതിനും കേരളം സാക്ഷിയാ കേണ്ടിവന്നു. നിപ വൈറസ് കേരളത്തിന്റെ ആരോ ഗ്യമേഖലയെ സംബന്ധിച്ച് ഒരു വെല്ലുവിളിയായി രുന്നു. മരുന്ന് കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു രോഗം ആധുനിക വൈദ്യശാസത്രത്തിന്റെയും പൊതുജന ത്തിന്റെയും ഭരണകുടത്തിന്റെയും മികച്ച ഇടപൊട ലിലൂടെ എങ്ങനെ നിയന്ത്രിക്കാം എന്നതിൽ കേരളം ലോകരാജ്യങ്ങൾക്ക് മാതൃകയായി.

മറ്റൊരു പ്രകൃതി ദുരന്തത്തിനുകൂടി കേരളം സാക്ഷിയായി ഓഖി എന്ന ചുഴലിക്കാറ്റ് കേരള ത്തിലൂടെ കടന്നുപോയി. പെട്ടെന്ന് രൂപപ്പെട്ട ഈ പ്ര തിഭാസം തീരമേഖലയെ മത്സ്യത്തൊഴിലാളികളെയും സ്തംഭിപ്പിച്ചു. കടലിൽ പോയ മത്സ്യത്തൊഴിലാളിക ളാണ് ഏറെയും കൊടുങ്കാറ്റിൽ കുടുങ്ങിപോയത്. കേരളത്തിൽ മാത്രം അമ്പതോളം മരണമുണ്ടായി. മാത്രമല്ല 140 ഓളം ആളുകളെ കാണാതായി. കോസ്റ്റ് ഗാർഡിന്റെയും ഇന്ത്യൻ നേവിയുടെയും സംയുക്ത രക്ഷാപ്രവർത്തനത്തിൽ രക്ഷപ്പെട്ടത് ആയിരത്തില ധികം മത്സ്യത്തൊഴിലാളികളാണ്. ജീവിതം കൊണ്ടു പോകാൻ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഓഖിയുണ്ടാക്കിയ നഷ്ടം പണം കൊടുത്തു നികത്തു ന്നതിനപ്പുറമാണ്. ഇന്ത്യ നേരിട്ടതിൽ വച്ചു മൂന്നാ മത്തെ ശക്തികൂടിയ ചുഴലിക്കാറ്റാണ് ഓഖി. ബംഗ്ലാൾ ഭാഷയിൽ കണ്ണ് എന്നർത്ഥം വരുന്ന ഓഖി എന്ന പേ ര് ബംഗ്ലാർദേശാണ് ഇട്ടത്.

അയൽരാജ്യമായ ശ്രീലങ്ക, മാലിദ്വീപ് എന്നിവിട ങ്ങളിലും ഓഖി നാശനഷ്ടമുണ്ടാക്കി. ശ്രീലങ്കയ്ക്കടു ത്താണ് ഓഖി രൂപം പ്രാപിച്ചത്. ഇന്ത്യൻനേവിയും കോസ്റ്റ് ഗാർഡും ചേർന്ന് നടത്തിയ രക്ഷാപ്ര വർത്തനം അതിരൂക്ഷമായ കാലാവസ്ഥയെയും കല ങ്ങിമറിയുന്ന കടലിനെയും അതിജീവിച്ചായിരുന്നു. അതിനവർ അഭിനന്ദനമർഹിക്കുന്നു.

കേരളജനത നേരിട്ട നിലനില്പിന്റെ തോൽപി ക്കാൻ കഴിഞ്ഞത് മനുഷ്യർക്കിടയിലുയർന്ന ഒരു മയുടെ ശക്തിയിലാണ്. മനുഷ്യനെ മനുഷ്യനായി കാണുമ്പോൾ അവർക്കിടയിലുണ്ടാവുന്ന ജാതി, മത, വർഗ്ഗ, രാഷ്ട്രീയ, വർണ്ണ മതിലുകൾ തകർന്നു വീഴുന്നു. മനുഷ്യനെ മറ്റൊരു മനുഷ്യനിൽ നിന്നും അകറ്റി അവർക്കിടയിൽ പ്രശ്നങ്ങളുണ്ടാകുന്നത് എന്നും ഇത്തരം വന്മതിലുകളാണ്. പ്രശ്നങ്ങൾക്കി ടയിൽ മതിൽ തകർത്ത് ഒരുമിക്കാം, പ്രവർത്തിയിൽ മാത്രമല്ല മനസ്സുകൊണ്ടും ഒരു അതിജീവനത്തിനായി എന്നന്നേക്കും അനശ്വരമായ്.

# ഓർമ്മകളിലെ നിശാഗന്ധി

**Aparana T.**
**Bsc Maths**



അപ്പോൾഭൂമിയിലെ
സർവ്വജന്തുക്കളുംമയക്കത്തിലായിരുന്നു
പക്ഷെഅവൾമാത്രംഉറങ്ങിയില്ല
അവൾചിന്തയിലായിരുന്നു
ചിന്തിച്ചുചിന്തിച്ചുഅവൾകൊടുമുടിവരെകീഴടക്കി
പെട്ടന്നാരോ വിളിച്ചതുപോലെഅവൾ
പതുക്കെഎഴുന്നേറ്റ്നടക്കാൻതുടങ്ങി
ജനൽകമ്പിയിലൂടെഅവൾപുറത്തേക്കിനോക്കി
നിലാവെളിച്ചവുംനിശാഗന്ധിയുംപരസ്പരം
പ്രണയിക്കുന്നതിന്അവൾസാക്ഷിയായി
ജനലരികിലിരുന്ന്അവൾഅവളുടെഓർമ്മകൾ
ചികയുകയായിരുന്നു
വരാന്തയിലൂടെകൈകോർത്ത്നടന്നതും
ഐസ്ക്രീംനുണഞ്ഞതുംകത്തുകൾകൈമാറിയതും
കണ്ണിൽകണ്ണിൽനോക്കിപറയാതെപറഞ്ഞതും
പ്രഭാതത്തിന്റെവെളിച്ചത്തിൽകൊഴിഞ്ഞുപോയ
നിശാഗന്ധിപൂക്കൾപോലെയായിഅവളുടെഓർമ്മകൾ



Musammil N.M.

# ഒരു ഗുഹയുടെ ആത്മകഥ!

ചാലിയാറിന്റെ തീരത്തെ അതിമനോഹരമായ ഒരു കാർഷിക ഗ്രാമം, ജൈവകൃഷി, വായനശാല, സാംസ്കാരിക നിലയങ്ങൾ, പാർട്ടി ആപ്പീസുകൾ, മത്സ്യകൃഷി തുടങ്ങി ഗ്രാമീണ ഭൂപടങ്ങളിൽ നിന്ന് മറഞ്ഞുപോയ ചായകാനികൾ വരെ നീളുന്ന നാട്ടു ജീവിതത്തിന്റെ എല്ലാ ചൂടും ചൂരും പൊന്നെപാടത്തു വന്നിറങ്ങുന്നതോടെ അനുഭവവേദ്യമാവും. മലബാറിൽ മാപ്പിള ലഹള കൊടുമ്പിരികൊള്ളുന്ന കാലം. ഏറനാട് താലൂക്കിന്റെ ഭാഗമായിരുന്ന പൊന്നേപ്പാടത്തു ചാലിയാർപുഴ വഴി ബ്രിട്ടീഷ് പട്ടാളം വന്നിറങ്ങിയതായി കാരണവന്മാർ സാക്ഷ്യപ്പെടുത്തുന്നു

പട്ടാളത്തിന്റെ അതിക്രമം ഭയന്നു സ്ത്രീകളും കുട്ടികളുമടക്കം നിരവധി ആളുകൾ ഒളിവിൽ കഴിഞ്ഞിരുന്ന ആ കാലത്തു അവർക്ക് സാഹയകരമായി നിലകൊണ്ട ഒരു ഗുഹയുണ്ടിവിടെ. പൊന്നെപാടത്തു നിന്ന് അരകിലോമീറ്ററോളം കിഴക്കുമാറി അരിപ്പോണപുറായി എന്നറിയപ്പെടുന്ന സ്തലത്തു സ്ഥിതിചെയ്യുന്ന ഈ ഗുഹ ഇന്ന് വേദവ്യാസ എഡ്യുക്കേഷൻ ട്രസ്റ്റിന് കീഴിലാണ്.

സമുദ്രനിരപ്പിൽ നിന്ന് ഏകദേശം ഇരുനൂറ്റിമുപ്പത് അടിയോളം ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ ഗുഹയും പരിസരവും ഒരു കാലത്തു സ്ഥലത്തെ കുട്ടികളുടെ പ്രധാനകളിയിടങ്ങളായിരുന്നു. പണ്ട് ഈ കുന്നിൻപ്രദേശം കണ്ണാന്തളി, തെച്ചി തുടങ്ങി ഇന്ന് ഇവിടങ്ങളിൽ കാണപ്പെടാത്ത അനേകം പൂക്കളുടെ വർണ്ണലോകമായിരുന്നത്രെ.... പൂമ്പാറ്റകൾ മുതൽ കുറുനരി, മുള്ളൻപന്നി, പാമ്പുകൾ തുടങ്ങി അനേകം ജന്തുജാലകങ്ങൾ....കൊടുംവേനലിൽ പോലും ഉറവ വറ്റാത്ത ജലാശയങ്ങൾ... കന്നുകാലികളുടെ സ്വൈര്യ വിഹാര കേന്ദ്രം... തുടങ്ങിയവയാൽ ഇവിടെ ഒരു വലിയ ആവാസവ്യവസ്ഥയെ തന്നെ പ്രതിനിധാനം ചെയ്തിരുന്നതായി സാക്ഷ്യപ്പെടുന്നത് ഇന്ന് എൺപതിനോടടുത്ത പ്രായമുള്ള പൊന്നെപാടത്തുകാരൻ പരമേശ്വരനേട്ടനാണ്.

ഐതിഹ്യങ്ങൾ, അനുഭവങ്ങൾ

നാലഞ്ചുമീറ്റർ വ്യാസമുള്ള ഗുഹാമുഖത്തിലൂടെ അകത്തേക്കു പ്രവേശിച്ചാൽ ചെറുതും വലുതുമായ പ

...ലീന-വഴികളായി ഇവ പിരിയുന്നത് കാണാം. ഈ ഗുഹയുടെ നീളമോ അതിരോ അറിഞ്ഞവർ ആരുമില്ലെന്നാണ് പറയപ്പെടുന്നത്. അകത്തേക്ക് കൂടുതൽ ചെല്ലുന്തോറും ശ്വാസതടസ്സം നേരിടുന്നതായി അനുഭവസ്ഥർ പറയുന്നു. പന്ത്രണ്ടാളുകൾ അരയിൽ കയറുകെട്ടി ഏറെദൂരം അകത്തേക്കു പോയെന്നും അവർ പിന്നീട് മടങ്ങിവന്നില്ലെന്നുമുള്ള കഥകൾ നാട്ടിൽ പ്രചാരത്തിലുണ്ട്. അതിനാൽ തന്നെ അറ്റം തേടിയുള്ള യാത്രക്ക് ആരും ഇന്നു ധൈര്യപ്പെടാറില്ല. ഗുഹാമുഖത്തിനു എതിർവശത്തായി ഏകദേശം ഇരുന്നൂറ് മീറ്റർ അകലെ മറ്റൊരു ചെറിയ തുരങ്കം കാണാം... ഇവ തമ്മിൽ കൂടിച്ചേരുന്നതായും പറയപ്പെടുന്നു. മുമ്പ് ആരോ ഗുഹക്കകത്തു തീകൂട്ടുകയും അതിന്റെ പുക എതിർവശത്തെ തുരങ്കത്തിലൂടെയും, ഒരു കിലോമീറ്ററോളം അകലത്തിൽ സ്ഥിതിചെയ്യുന്ന ചാലിയാറിന്റെ തീരത്തുവരെ എത്തിയതായും കഥകളുണ്ട്. ഗുഹചാലിയാർ വരെ നീണ്ടു കിടക്കുന്നെന്നു സാരം. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ഗുഹ രൂപംകൊണ്ടതിനെപ്പറ്റിയും പല ഐതിഹ്യങ്ങളും നിലനിൽക്കുന്നു. ഗുഹാമുഖത്തു നിന്നു വിളിപ്പാടകലെ സ്ഥിതി ചെയ്യുന്ന പേരൂർക്കാവ് ദുർഗ്ഗാദേവി ക്ഷേത്രം. ദേവി ത്രിശൂലമെറിഞ്ഞിടത്തു രൂപംകൊണ്ടതാണ് ഈ ഗുഹയെന്നുമാണ് ഒരു വിശ്വാസം. ക്ഷേത്രത്തിൽ നിന്നു ദേവി ആദ്യകാലെടുത്തുവെക്കുന്ന സ്ഥലത്തു രൂപം കൊണ്ടതാണെന്നു മറ്റൊരു വിശ്വാസം. ഇതിന് ഉപോല്പലകമായി പ്രചാരത്തിലുള്ള ഒരു കഥയിങ്ങനെ. കാക്കോവ് ജുമുഅത്തുപല്ളിയിലേക്ക് പ്രഭാത നിസ്കാരത്തിനു ഇതുവഴി പുറപ്പെട്ട ഒരു തങ്ങൾ ദേവി കാലെടുത്തു വെക്കുന്നത് കാണുകയും ദേവി നടന്നു നീങ്ങുന്നതുവരെ കാത്തിരിക്കുകയും ചെയ്തുവത്രേ. ഈ ഗുഹയിൽ പണ്ട് നിലവിളക്കു കത്തിച്ചു വെക്കാറുണ്ടായിരുന്നുവെന്നു കാരണവന്മാർ സാക്ഷ്യപ്പെടുത്തുന്നു. ഈ ഗുഹ മനുഷ്യനിർമ്മിതമാണെന്നും മുൻപ് കാട്ടുകള്ളന്മാരുടെ ഒളിസങ്കേതമായിരുന്നെന്നും വാദിക്കുന്നവരുമുണ്ട്. ഗുഹ തന്നെ പറയട്ടെ.

അകത്തേക്ക് കയറുന്നതോട്കൂടി തന്നെ ഈ ഗുഹ മനുഷ്യനിർമ്മിതമായിരുന്നോ അല്ലയോ എന്ന ചോദ്യത്തിന്റെ ചുരുൾ അഴിയാൻ തുടങ്ങും. പ്രകൃതിയിൽ ഏറ്റവുമധികം കാണപ്പെടുന്ന സൊല്യൂഷൻ ഗുഹകൾ എന്ന ഇനത്തിൽ പെടുന്ന ഒന്നാണിത്. ഭൂമിയിൽ കരയുടെ മുക്കാൽ ഭാഗത്തോളം വ്യാപിച്ചു കിടക്കുന്ന അവസാദ ശിലകളെ പ്രധാനമായും ബലകൃതമായി ജൈവസ്തുക്കളിൽ നിന്ന്, രാസപ്രക്രിയയിലൂടെ എന്നിങ്ങനെ രൂപം കൊള്ളുന്ന രീതിക്കനുസരിച്ചു മൂന്നായി തരം തിരിച്ചിരിക്കുന്നതായി കാണാം. കക്ക, ചിപ്പി തുടങ്ങിയ സമുദ്രജീവികളുടെ അസ്ഥികൾ, പുറംതോടുകൾ തുടങ്ങിയവ അടിഞ്ഞുകൂടിയുണ്ടാകുന്ന ചുണ്ണാമ്പുകല്ലുകൾ ജൈവ-അവസാദ ശിലക്കൊരു ഉദാഹരണമാണ്. ഇത്തരം ഗുഹകൾ രൂപംകൊള്ളുന്നതിന്റെ പിറകിലുള്ള രഹസ്യവും ഈ ചുണ്ണാമ്പുകല്ലുകളുടെ സാന്നിദ്ധ്യം തന്നെ.



മഴവെള്ളം ഭൂമിയുടെ ഉപരിതലത്തിനു താഴെ ദൃഢത കൂടിയ ശിലകളിൽ ശേഖരിക്കപ്പെടുന്നതാണല്ലോ ഭൂഗർഭജലമായി മാറുന്നത്. എന്നാൽ മണ്ണിൽ ഊർന്നിറങ്ങുന്ന സമയത്തു തന്നെ ഈ അമ്ലസ്വഭാവമുള്ള ജലം താരതമ്യേന ദൃഢത കുറഞ്ഞ ചുണ്ണാമ്പുകല്ലുമായി രാസപ്രവർത്തനത്തിലേർപ്പെടുകയും അവയെ ക്ഷയിപ്പിച്ചുകളയുകയും ചെയ്യും.

ഇങ്ങനെ ദ്രവിച്ചുപോയ ചുണ്ണാമ്പുപാറകൾക്കിടയിലൂടെ വെള്ളം ഒഴുകിയ വഴികൾ കാലക്രമേണ പ്രകൃതിനിർമ്മിത ഗുഹകളും, തുരങ്കങ്ങളുമായി മാറുന്നു. ഇത്തരത്തിൽ ജലമൊഴുകി രൂപം പ്രാപിച്ച ഒരു ഗുഹയാണ് പൊന്നെപാടത്തെ ഈ ഗുഹയുമെന്നു സിസ്സംശയം പറയാം. ഇന്നും അവശേഷിക്കുന്ന ചുണ്ണാമ്പുകല്ലിന്റെ സാന്നിദ്ധ്യം ഇതിനു കൂടുതൽ തെളിവേകുന്നു. ഗുഹക്കകത്തു വേനലിൽ പോലും ജലം ഉറ്റിവീഴുന്നതായി കാണാം. കണ്ണെത്താദൂരം നീണ്ടു കിടക്കുന്ന ഈ ഗുഹയിലൂടെ ഏറെ ദൂരം സുഖമായി നടന്നു പോകാൻ ഇന്നും സാധിക്കും. പലവഴികളും മണ്ണു വീണു അടങ്ങിട്ടുതാനും. പ്രാചീന മനുഷ്യർ ഇത്തരം പ്രകൃതി നിർമ്മിത ഗുഹകളെ വാസയോഗ്യമാക്കിയിരുന്നതിനു ധാരാളം തെളിവുകളുണ്ട്. വന്യമൃഗങ്ങൾ മുതൽ, കൊള്ളസംഘങ്ങൾ, വിപ്ലവകാരികൾ, രാജാക്കന്മാർ വരെ അഭയം പ്രാപിച്ചതിന്റെ ഓർമ്മകൾ അയവിറക്കാനുണ്ടാകും ഇത്തരം ഓരോ ഗുഹകൾക്കുമെന്നാണ് നേര്.

Muhammed Rasheeque
BCom.

# പ്രിയ സഖി



എന്റെസ്വപ്നങ്ങളെനീ
ഒരുപർവ്വതാരോഹണത്തിന് കൊണ്ടുപോവുക
അവപറന്ന്മേഘങ്ങളെ സ്പർശിക്കട്ടെ
താഴ്വരയിൽനിന്നുതാരങ്ങളെ
നാമുക്കൊന്നിച്ചു വീക്ഷിക്കാം
എന്റെകൈപിടിച്ച്നീയെന്നെ നയിക്കുക .
നിലാവിൽനാംമലകയറുന്ന
ഈരാത്രിയിൽ ഹൃദയംതുറന്ന്
മതിമറന്ന്പാടാനായി ഒരുപുതിയഗീതകം
നീയെന്നെപഠിപ്പിക്കുക .
പാറകളുംഉരുളൻകല്ലുകളുംചരിവുകളും
കടന്ന്നാംമുന്നേറുന്നു.
കാലിടറിഞാൻ വീണുവെന്നാൽ
നീയെന്റെമുറിവുകളിൽ തലോടുക.
മൂകരാത്രിക്ക് നാം കാതോർക്കുന്നു
ഇരുണ്ടമരങ്ങളും തിളങ്ങുന്നതാരങ്ങളും
നമ്മുടെകൺകളിൽനിറയുന്നു
ഭീതികളുടെകൊടുമുടികളെ
നാമൊന്നിച്ച്കീഴടക്കുക.
പർവ്വതത്തിന്റെനെറുകയിൽ എന്റെപ്രേമമേ
ഒരുചുംബനത്തിൽ നീയെനിക്ക്ശ്വാസമേകുക
ശിഖരങ്ങളിൽആഞ്ഞുവീശുന്ന
ശീതവാതങ്ങളിൽ എന്റെ പ്രണയമേ,
നാംപരസ്പരം അടിസ്ഥാനങ്ങളാവുക
മലമുകളിൽഉദയത്തിന് കാത്തിരുന്ന്
മെല്ലെപ്പരക്കുന്ന ഇളവെയിലിൽ
നാംനിർവൃതികൊള്ളുക.
പിന്നെനമുക്ക് തിരികെനടക്കാം
കൈകോർത്ത്ഒന്നിച്ച്
വളഞ്ഞിറങ്ങുന്നവഴികളിലൂടെ
പന്തലിച്ച വൃക്ഷച്ഛായകൾക്കിടയിലൂടെ
പാറകൾക്കുമുകളിലൂടെ
ചരിവുകളിലൂടെ...
താഴേക്ക്, താഴേക് , താഴേക്
നാമിരുവർക്കുംവീടെന്ന് വിളിക്കാവുന്ന
ഒരിടത്തേക്ക്......

Jilsha Dharmaraj

# വിദ്യകൊണ്ട് അറിയേണ്ടതറിയാതെ

മൂല്യവത്തായ ജീവിതത്തിന് വിദ്യാഭ്യാസം പരമപ്രധാനമാണ്.വിദ്യാസമ്പന്നർ നമ്മുടെ നാട്ടിൽ വളരെയധികം വർദ്ധിച്ചു. വിദ്യാഭ്യാസമെന്നാൽ ഒരേ സമയം വിജ്ഞാനസമ്പാദനവും ശീലങ്ങളുടെയും മനോഭാവങ്ങളുടെയും നൈപുണ്യങ്ങളുടെയും വികസനവും കൂടി ചേർന്നതാണ്. ഇതു രണ്ടും സാക്ഷാത്കരിക്കുമ്പോഴാണ് ഒരു വ്യക്തിക്ക് പൂർണ്ണവും അർത്ഥവത്തുമായ ജീവിതം നയിക്കാനാവുക. വിദ്യാഭ്യാസത്തെക്കുറിച്ചു മൂന്ന് മഹത് വ്യക്തികളുടെ നിർവ്വചനങ്ങൾ നമുക്കൊന്ന് നോക്കാം. ഗ്രന്ഥശാല മുഴുവൻ ഉള്ളിലൊതുക്കുന്ന ആളുകളെക്കാൾ സ്വഭാവഗുണമുള്ള ഒരാളെയാണ് ഞാൻ വിദ്യാസമ്പന്നൻ എന്നു കരുതുന്നത്.സ്വാമി വിവേകാനന്ദൻ.

വിദാഭ്യാസമെന്നതുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത് ശിശുവിന്റേയും പ്രായപൂർത്തിയായ മനുഷ്യന്റേയും ശരീരത്തിലും മനസ്സിലും ആത്മാവിലും അന്തർഭവിച്ചിട്ടുള്ള എല്ലാ നന്മകളേയും സമഗ്രമായ നിലയിൽ പുറത്തുകൊണ്ടുവരുന്ന പ്രക്രിയയാണ് - ഗാന്ധിജി. ജോൺസ്യൂയി (ന്യൂ ഇംഗ്ലണ്ടിലെ വെർമൗണ്ടിൽ ജനനം) ഉദാത്തമായ സ്വാഭാവത്തിന്റെ രൂപവത്കരണം സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമഗ്രലക്ഷ്യമായി കണ്ടു. പൂർണ്ണത, പക്വത, സംസകരണം എന്നിവയ്ക്കുവേണ്ടി അനുസൂതം പ്രവർത്തിക്കുന്ന പ്രക്രിയയാണ് ജീവിത വികസനം വിദ്യാഭ്യാസം മൂലം മനുഷ്യർ മൃഗാവസ്ഥയിൽ നിന്ന് മനുഷ്യാവസ്ഥയിലേക്ക് ഉയരണം.

ഇങ്ങനെ മഹത് വ്യക്തികൾ വിദ്യഭ്യാസത്തെ പലവിധത്തിലും നിർവഹിച്ചു. പക്ഷേ വിദ്യാസമ്പന്നരായ നമ്മുടെ നാടിന്റെ അവസ്ഥയെ കുറിച്ച് നമ്മൾ വിചിന്തണം ചെയ്യേണ്ടിരിക്കുന്നു. ജീവിതത്തിന്റെ സമസ്തമേഖലകളിലും മൂല്യശോഷണം സംഭവിക്കുന്നത് നമുക്കിന്ന് കാണാൻ കഴിയുന്നു. സമ്പന്നരാവാൻ ഉള്ള വഴിമാത്രമായി വിദ്യാഭ്യാസം എന്ന പദം ചുരുങ്ങി. മാനുഷിക മൂല്യങ്ങളായ സമസൃഷ്ടിസ്നേഹം. ദീനാനുകമ്പ, ത്യാഗവനോഭാവം, ക്ഷമ, സനാതനമൂല്യങ്ങളായ സത്യം,ധർമം, അഹിംസ, സ്നേഹം, സാമൂഹിക മൂല്യങ്ങളായ പരസ്പര ബഹുമാനം, സമ്വം, സാഹോദര്യം വൈയക്തികമൂല്യങ്ങളായ അനുകമ്പ, നന്മ, ലാളിത്യം എന്നു വേണ്ട രാഷ്ട്രീയ മൂല്യങ്ങളുമെല്ലാം മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുകയാണ് മദ്യം, മയക്കുമരുന്ന്, തീവ്രവാദം ഇതെല്ലാം മുതിർന്നവരുടെ മാത്രം കുത്തകയല്ലാതെ, വിദ്യാർത്ഥികളിലേക്കും പടർന്നുപിടിക്കുകയാണ്.

വർഷങ്ങൾക്കുമുമ്പ് പൂന്താനം എഴുതിയ ജ്ഞാനപ്പാനയിലെ വരികളാണ് ഓർമ്മയിലേക്ക് വരുന്നത്. വിദ്യകൊണ്ടറിയേണ്ടതറിയാതെ വിദ്വാനെന്നു നടിക്കുന്നിതു ചിലർ മാതാവിനെയും പിതാവിനെയും നോക്കാൻ സമയമില്ലാതെ മലയാളി വീട്ടുചിലവിന്റെ മൂന്നുമടങ്ങു പണം മദ്യത്തിനുവേണ്ടി ഉപയോഗിക്കുന്നു. സജനങ്ങൾ ശത്രുവായി കാണുന്നവർ, വന്ദിക്കോണ്ടവരെ നിന്ദിക്കുന്നവർ, നീർക്കുമിളപോലെയുള്ള ഈ ജീവിതം കൊണ്ട് അഹങ്കരിക്കുന്നവർ, അത്യാഗ്രഹം കൊണ്ട് പ്രകൃതിയെ നശിപ്പിക്കുന്നവർ, ഇങ്ങനെ അന്ധകാരത്തിൽ മുങ്ങിത്തപ്പുന്ന ഒരു സമൂഹമാണ് നമ്മുടെ മുന്നിലുള്ളത്.

തൊഴിൽ പഠനത്തോടൊപ്പം സന്മാർഗ്ഗ കഥകൾ, നീതികഥകൾ, പഞ്ചതന്ത്രകഥകൾ എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അല്പമെങ്കിലും കുട്ടികളിൽ സാന്മാർഗ്ഗിക ബോധം ഉള്ളിലുണ്ടാക്കാൻ സഹായിക്കും.

മാതാപിതാഗുരുദൈവം എന്ന് ചൊല്ലി പഠിപ്പിച്ചിരുന്ന ആ പഴയകാലം ആധുനിക തലമുറയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നു. അറിവിന്റെ വെളിച്ചത്തിലേക്ക് നയിക്കുന്ന ഗുരുക്കന്മാരെ നിന്ദിക്കാൻ മടിക്കാത്ത മാതാവിനെയും പിതാവിനെയും തള്ളിപറയാൻ മടിക്കാത്ത ഈ ആധുനിക തലമുറയുടെ ജീവിതം ഒരു പ്രഹേളികയായി മാറാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. മൂല്യനിരാസത്തിന്റെ ഈ അന്ധകാരത്തിൽനിന്ന് മൂല്യബോധത്തിന്റെ ജ്യോതിസ്സിലേക്ക് സന്മാർഗ്ഗത്തിന്റെ വഴിയിലൂടെ നമുക്കൊന്നിച്ച് മുന്നേറാം.



**Athul K.S.**
**BSc. Maths**

# വിധി

നീജനിച്ചപ്പോൾ ഞാനും ജനിച്ചു
നിന്റെജനനം വീട്ടുകാർ ആഘോഷിച്ചു
പക്ഷെ എന്റെ ജനനം ആരും ആഘോഷിച്ചില്ല
ബന്ധുക്കാരും വീട്ടുകാരും സന്തോഷപൂർവം
മുത്തച്ഛന്റെ മടിയിലുരുത്തിനിനക്ക്പേരിട്ടു
അമ്മയും അച്ഛനും ചേട്ടനും ചേച്ചിയും
നിന്നെ ഓമനപേരുകൾ വിളിച്ചു, നീവളർന്നു.
കൂടെപ്പിറപ്പായ എന്നെ ക്കുറിച്ചോർക്കാതെ
എന്നാൽ കാലത്തിന്റെ പാതകളിൽ നാം
പരസ്പരം കണ്ടെത്തി
പത്താം തരത്തിലെ ഉത്തരക്കടലാസ് നോക്കി
നീഎനിക്കും പേരിട്ടു 'എന്റെവിധി '
അന്നുമുതൽ നീഎന്നെകൂടെക്കൂട്ടി
ഞാൻനിനക്കാരെന്നറിയാതെ
പിന്നീട്നാട്ടിലുംവീട്ടിലുംപിന്നെപ്രാണനായ്
സ്നേഹിച്ചപെണ്ണിന്റെമുന്നിലും
നീഎന്നെതനിച്ചാക്കിപോയി
ഇനിഎന്തെന്ന്കാലംചോദിച്ചപ്പോൾ
നീഎന്നെകുറ്റപ്പെടുത്തി 'എന്റെവിധി '......
പിന്നീടീ വീടിന്റെ കോലായിൽ വെള്ളമുണ്ടുപുതച്ച
നിന്റെശരീരംകാണാൻവന്നവരും
എന്നെകുറ്റപ്പെടുത്തി 'അവന്റെവിധി '...
സഹോദരാഇനിയുംഒരുജന്മമുണ്ടെങ്കിൽ
നീഎനിക്ക്പറഞ്ഞുതരൂ
ഞാൻനിനക്ക്ആരായിരുന്നുഎന്ന്......

## മരണവീട്ടിലെ ചിരിയരങ്ങ്

**Megha T. V**
**1st Bsc Maths**

ആരോചൊല്ലികേട്ടു ഞാൻ
വരികില്ലിനിയൊരിക്കലുമെൻഅച്ഛൻ
എന്തേയെന്നാരായാൻ ആയില്ലെനിക്കന്ന്
ആഹ്ലാദത്തിമർപ്പിൽഅതങ്ങുവിട്ടുപോയ്
ആർത്തുകരയുന്നഅമ്മയെകണ്ടിട്ടും
ആകളിപ്പാട്ടത്തിൻകൂട്ടുതേടിഞാൻ
പ്രായമതാണെനിക്കന്ന് എങ്കിൽകൂടിയും
പാടില്ലായിരുന്നെന്ന്തോന്നാറുണ്ടിപ്പോൾ
കണ്ണീരിലാകെയെൻവീട്നനഞ്ഞപ്പോൾ
കൂട്ടരോടൊത്തുകറങ്ങിനടന്നുഞാൻ
മരണമതെന്തെന്നറിയാത്തകാലത്ത്
മരണവീട്ടിൽകളിച്ചുരസിച്ചുഞാൻ
നിർജീവനോടെയെൻഅച്ഛനെകണ്ടിട്ടും
നഷ്ടമതെത്രയെന്നറിഞ്ഞില്ലഞാൻ
ഓർമ്മയുണ്ടന്ന് ചിരിച്ചുഞാനേറേയും
ഓർത്തതിന്നുംകരയാറുണ്ടതിലുമേറെയും.....

# Friendship

**ARUN DAS K.**
**B. Com**

Friendship is the gift of god
It is an endless chain of love
Between minds and friends
Friendship can never be broken
Nor can it ever be destroyed
It grows stronger and stronger
As the time and our lives moves on
Friendship is the bond of friends
Friends are the blooming flowers
Which spread fragrance of love in our life.
Some of them lasts for a long time
But others fall down quickly
It is a good way to find our true friends.
Friendship is like a sweet dreams
Because it is a sweet memory.
As we move ahead in the path of our life
Friendship will last forever.




Muhammed Rasheeque
BCom.

അവനുമായി പിണങ്ങിയിട്ട് ഇന്നത്തേക്ക് ഒരാഴ്ച കഴിയുന്നു. സാധാരണ എത്ര വഴക്ക് ഉണ്ടാക്കിയാലും ഒരാഴ്ചയിൽ കൂടുതൽ നീണ്ടുനിൽക്കാറില്ല. തെറ്റ് എന്റെ ഭാഗത്താണെങ്കിൽ പോലും അവൻ എന്നോട് മാപ്പ് പറഞ്ഞു പ്രശ്നം തീർക്കാറാണ് പതിവ്. എല്ലാദിവസത്തേയും പോലെ ഇന്നും അവന്റെ മെസേജിനായി ഞാൻ വാട്സാപ്പിൽ പരതികൊണ്ടേയിരുന്നു. യാദൃശ്ചികമായിട്ടാണ് ഒരു സ്റ്റാറ്റസ് കണ്ണിലുടക്കിയത്. ‘ഞങ്ങളുടെ പ്രിയ സുഹൃത്തിന് ആദരാഞ്ജലികൾ’ കണ്ട വാർത്തമൂലമാണോ എന്നറിയില്ല കറങ്ങുന്ന ഭൂമി ഒരു നിമിഷം നിശ്ചലമായതുപോലെ, ജീവനുള്ള ശരീരത്തിൽ നിന്നും ജീവൻ മായുന്നതുപോലെ, ചൂടുള്ള ശരീരം തണുത്തുവിറച്ചതുപോലെ.. കണ്ടത് സത്യമാകരുതേ എന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മറ്റുള്ളവരുടെ സ്റ്റാറ്റസ് ഇടയിലേക്ക് കണ്ണുകൾ പായിപ്പിച്ചു അതാ വീണ്ടും ‘മരിക്കാത്ത ഓർമ്മകളുമായി നീ എന്നും ഞങ്ങളിൽ’ ‘വാഹനാപകടത്തിൽ മരണപ്പെട്ട ഞങ്ങളുടെ സുഹൃത്തിന് ആദരാഞ്ജലികൾ’ അതെ ഞാൻ കണ്ടത് സത്യമായിരുന്നു. അവൻ എന്നെന്നേക്കുമായി എന്നെ വിട്ടുപോയിരിക്കുന്നു. ഒരു നിമിഷത്തേക്ക് ബോധം മറയുന്നതുപോലെ.. കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകികൊണ്ടിരുന്നു... ഉപ്പാനോടും ഉമ്മയോടും അനുവാദം ചോദിച്ച് അവസാനമായി അവനെ ഒരുനോക്ക് കാണാനായി ഞാൻ പോയി...

ആരായിരുന്നു എനിക്കവൻ, ഒരു നല്ല സുഹൃത്ത് മാത്രമായിരുന്നോ? അല്ല ഈ ഭൂമിയിൽ എനിക്ക് വിലമതിക്കാനാവാത്ത മറ്റൊന്നായിരുന്നു... ഓർമ്മകൾ പെട്ടെന്ന് രണ്ടു വർഷം പിന്നോട്ട് മറഞ്ഞു.... ഞാനവനെ ആദ്യമായി ശ്രദ്ധിക്കാൻ തുടങ്ങിയത് എന്നു മുതലാണെന്ന് എനിക്കറിയില്ല. ക്ലാസ്സിലെ ഒരു മൂലയിൽ ആരോടും സംസാരിക്കാതെ എപ്പോഴും പുറംകാഴ്ചകളിലേക്ക് മുഴുകിയിരിക്കുന്ന അവൻ എപ്പോഴോ എന്റെ ശ്രദ്ധയെ ആകർഷിച്ചിരുന്നു... ഓരോ ദിനവും ഞാനവന്റെ ഓരോ പ്രവർത്തനങ്ങളും നിരീക്ഷിച്ചുകൊണ്ടിരുന്നു.... ഓരോ ദിനവും ഞാനവന്റെ ഓരോ പ്രവർത്തനങ്ങളും നിരീക്ഷിച്ചുകൊണ്ടിരുന്നു. ഓരോ നിമിഷം സന്തോഷവും അതുപോലെ സങ്കടവും മിന്നിറയുന്ന അവന്റെ മുഖം എന്നിൽ വീണ്ടും ഒരു അതിശയമായി മാറികൊണ്ടേയിരുന്നു... എങ്ങനെ അവനിലേക്ക് അടുക്കും എന്ന ചിന്തമാത്രമായി പിന്നീടുള്ള എന്റെ ദിനങ്ങൾ.... അവനുമായി നേരിട്ട് സംസാരിക്കുകയല്ലാതെ ഒരു മാർഗ്ഗവും എന്റെ മുന്നിലില്ല. പക്ഷേ എങ്ങനെ? .... എന്തു പറഞ്ഞു തുടങ്ങും?

മാഷേ! മാഷ് എന്താണ് ഒറ്റയ്ക്ക് ഇരിക്കുന്നത്?

‘‘ഒന്നുമില്ല ഞാൻ ഓരോരോ കാര്യങ്ങൾ ചിന്തിച്ചു ഇങ്ങനെ ഇരിക്കുകയായിരുന്നു’’ ഒരു ചെറുപുഞ്ചിരി സമ്മാനിച്ചുകൊണ്ട് അവൻ എനിക്ക് നേരെ നിന്നു.

അതൊന്നുമല്ല ഞാൻ കുറച്ചുദിവസമായി മാഷിനെ ശ്രദ്ധിക്കുന്നുണ്ട് മാഷിന് എന്തോ വിഷമമുള്ളതുപോലെ പോലൊരു തോന്നൽ.... ഇനി വല്ല പ്രണയ പരാജയവും ആണോ മാഷേ?

വീണ്ടും ഒരു പുഞ്ചിരിമാത്രം അവൻ എനിക്ക് സമ്മാനിച്ചു.

മാഷിന് ചോദിച്ചത് ഇഷ്ടമായില്ലെങ്കിൽ എന്നോട് ക്ഷമിക്കണം. ഞാൻ അറിയാനുള്ള ഒരു ആകാംക്ഷ കൊണ്ട് ചോദിച്ചു പോയി എന്നു മാത്രം.....''

''അങ്ങനെ ഒന്നുമില്ലടാ ഞാൻ പറഞ്ഞില്ലേ എനി ക്കങ്ങനെ സങ്കടങ്ങൾ എന്നു പറയാൻ മാത്രം ഒന്നു മില്ല''

''അപ്പോൾ മാഷിന് സംസാരിക്കാനും അറിയാം അല്ലേ..! എന്നിട്ടാണോ മാഷ് ആരോടും സംസാരി ക്കാതെ ഇങ്ങനെ ഒറ്റയ്ക്ക് ഇരിക്കന്നെത്?''

അവൻ എനിക്ക് ഒരു പുഞ്ചിരി സമ്മാനിച്ചിട്ട് വീണ്ടും പുറത്തേക്ക് നോക്കിയിരുന്നു.

എന്നാൽ വളരെ ചുരുങ്ങിയ ദിനങ്ങൾകൊണ്ട് എനിക്ക് അവനുമായി നല്ലൊരു സൗഹൃദം ഉടലെടു ത്തു. അവന്റെ ഉള്ളിൽ നല്ലൊരു എഴുത്തുകാരൻ ഉണ്ട് എന്നുള്ള കാര്യം മറ്റാരേക്കാൾ മുന്നേ ഞാനറിഞ്ഞു. അവന്റെ ഓരോ വരികളിലും ഞാൻ കണ്ടത് ജീവി തത്തോടുള്ള അടങ്ങാത്ത അവന്റെ മോഹങ്ങളും സങ്കൽപ്പങ്ങളും സ്വപ്നങ്ങളും ആയിരുന്നു. പിന്നീട് പെട്ടെന്നായിരുന്നു അവന്റെ ഉള്ളിലെ മാറ്റങ്ങൾ.... എല്ലാവരുമായി ഹൃദയങ്ങൾ അവൻ പെട്ടെന്ന് തന്നെ കീടക്കി. മറ്റുള്ളവരുടെ സങ്കടങ്ങളും സന്തോഷവും അവന്റെ കൂടിയായി. എന്നിരുന്നാൽപോലും അവന്റെ കഥകളും കൃതികളും എനിക്കുവേണ്ടി മാത്രമായി തുറന്നു വച്ചു തന്നു. മൂന്നാമതൊരാൾ വായിക്കാൻ ഇടവരുത്താതെ അവൻ എന്നിലേക്ക് മാത്രമായി ചുരു ങ്ങുന്നത് ഞാനറിഞ്ഞുതുടങ്ങി. അവന്റെ സന്തോ ഷങ്ങളും സങ്കടങ്ങളും അവൻ എന്നോട് മാത്രം പ റയാൻ തുടങ്ങി...

''മാഷ് ആരെയെങ്കിലും പ്രണിയിച്ചിട്ടുണ്ടോ? .... എന്റെ ഭാഗത്ത് നിന്ന് പെട്ടെന്നുള്ള ഒരു ചോദ്യംകൊണ്ടായിരിക്കമം അവന്റെ മുഖത്ത് കണ്ടി രുന്ന ചിരി നിമിഷനേരം കൊണ്ടാമ് ഇല്ലാതായത്.

''ലോകത്ത് പ്രണയിക്കാത്തവരായി ആരെങ്കി ലുമുണ്ടോ? ഒരിക്കലെങ്കിലും ഒരാളോടെങ്കിലും പ്ര ണയം തോന്നാത്തവർ ആരും തന്നെ കാണില്ല ഈ ഭൂമിയിൽ'' വീണ്ടും അവന്റെ കണ്ണുകൾ പുറംകാഴ്ച കളിലേക്ക് പോയി. ഞങ്ങൾ രണ്ടുപേർക്കുമിടയിൽ മൗനം വീണ്ടും തളംകെട്ടി.

''എനിക്കുമുണ്ടായിരുന്നു ഒരു പ്രണയം ഒരുപാട് ആഗ്രഹിച്ചു സ്വന്തമാക്കണമെന്ന് മനസ്സിലുറപ്പിച്ച പ്രണയം. പക്ഷേ ഞാനറിഞ്ഞിരുന്നില്ല അവൾക്ക് ഞാനൊരു നേരംപോക്ക് മാത്രമായിരുന്നു എന്നത്'' മൗനത്തെ കീറിമുറിച്ച് അവന്റെ ശബ്ദങ്ങൾ വീണ്ടും എന്നിലേക്ക്.

''എന്നിട്ട് അവൾ ഇപ്പോൾ എവിടെയാണ്''

''അറിയില്ല, എവിടെയായിരുന്നാലും സന്തോഷ മായിരുന്നാൽ മതി'' പിന്നീടുള്ള ദിനങ്ങളിൽ അവനു മായി കൂടുതൽ ഞാനടുത്തുകൊണ്ടിരുന്നു. ചെറിയ ചെറിയ കാര്യങ്ങൾക്ക് പോലും അവനോട് വാശി കാണിക്കുന്നതും, പിണങ്ങുന്നതും അവന്റെ ശകാരം കേൾക്കുന്നതും എന്നിൽ പുതിയ ഉണർവ് തന്നെ നൽകികൊണ്ടിരുന്നു. അവൻ എന്റെ മാത്രമാണ് എന്നൊരു തോന്നൽ വരെ എന്നിൽ ഉത്ഭവിച്ചു. വളരെ യാദൃശ്ചികമായി ആയിരുന്നു അന്ന് അവൻ എന്നോട് ആ ചോദ്യം ചോദിച്ചത്.

''നമ്മൾ മരിച്ചാൽ നമുക്കുവേണ്ടി ആരെങ്കിലു മൊക്കെ കരയുമോ? അന്ന് അവനെ ഞാൻ ഒരു പാട് വഴക്കുപറഞ്ഞു. എന്തിനാണ് ഇപ്പോൾ മരണത്തെ പ്പറ്റി ഒക്കെ ആലോചിക്കുന്നത് എന്നും പറഞ്ഞു.....

''നമ്മളെല്ലാവരും ഒരു അതിഥികൾ മാത്രമാണ് ഇന്നല്ലെങ്കിൽ നാളെ നമ്മൾ എല്ലാവരും നമ്മുടെ വാസസ്ഥലത്തേക്ക് മടങ്ങേണ്ടവരാണ്'' അവൻ എനിക്ക് തന്ന മറുപടിയായിരുന്നു അത്.

അവനോട് സംസാരിച്ചുകൊണ്ടിരിക്കുക എന്നത് ഒരു പ്രത്യേകതരം സന്തോഷം തരുന്നതായിരുന്നു. നമ്മുടെ വിഷമങ്ങളെല്ലാം മായ്ക്കാൻ കഴിയുന്ന ഒരു തരം മരുന്ന് അവന്റെ സംസാരങ്ങളിലും പുഞ്ചിരിയു ലുമുണ്ടായിരുന്നു. എത്ര ഗൗരവം പിടിച്ച കാര്യങ്ങൾ ആയാലും അതൊരു ചെരുതമാശ രൂപേണ മാത്രമേ അവൻ പറയാറുണ്ടായിരുന്നുള്ളൂ. ഒരാഴ്ച അവനെ കോളേജിൽ കാണാതിരുന്നപ്പോഴാണ് എനിക്ക് മന സ്സിലായത് അവനോടുള്ള എന്റെ അടങ്ങാത്ത പ്ര ണയം എത്രത്തോലമാണെന്ന്....

അവനോട് ഞാൻ ഒരിക്കൽ ചോദിച്ചു ''മാഷിന് എന്നെ ഇഷ്ടമാണോ? മറുപടിയൊന്നും പറയാതെ അവൻ എനിക്കൊരു ചെറുപുഞ്ചിരി സമ്മാനിച്ചു.

''എവിടെയായിരുന്നു മാഷ് ഒരാഴ്ച കാണാനേ കിട്ടിയില്ല. ഞങ്ങളെയെല്ലാം മടുത്തു തുടങ്ങിയോ?

ഒരു യാത്രയയപ്പ് നടത്താനുണ്ടായിരുന്നു... അതിന്റെ കുറച്ചു തിരക്കുകൾ..''

''ആരുടെ?''

''ന്റെ വല്ലിപ്പ അവിടെ ഒറ്റയ്ക്കിരുന്ന് ബോറടിച്ച പ്പോൾ വല്യമ്മയെകൂട്ടി അങ്ങ് പോയി''

ഞാൻ കിളിപോയതുപോലെ ഇരിക്കുന്നതുകൊ ണ്ടാണോ എന്നറിയില്ല അവനൊന്നു കൂടി ചുരുക്കി എനിക്കു പറഞ്ഞു തന്നു.

''ന്റെ വല്യമ്മ മരിച്ചുപോയി''

ഓരോ ദിനവും കടന്നുപോയികൊണ്ടിരുന്നു. എനിക്ക് അവനോടുള്ള ആരാധന മാറി അവനെ സ്നേ ഹിക്കാൻ തുടങ്ങിയത് ഞാൻ അറിഞ്ഞില്ല. എന്റെ സ്നേഹം ഞാൻ പ്രകടിപ്പിക്കാൻ ശ്രമിച്ചെങ്കിലും അത് പരാജയപ്പെട്ടുപോയി. അവന്റെ ഓർമ്മകൾ മന സ്സിനെ വല്ലാതെ നോവിച്ചുകൊണ്ടിരുന്നു...

''അതെ ഇറങ്ങാനുള്ള സ്റ്റോപ്പ് എത്തി'' കണ്ടക്ട റുടെ പെട്ടെന്നുള്ള സംസാരം എന്നെ ചിന്തകളിൽന്നു ണർത്തി. അവന്റെ വീട് ലക്ഷ്യം വെച്ച് ഞാൻ നടന്നു. വഴികളിലെല്ലാം ചിരിച്ചു നിൽക്കുന്ന അവന്റെ പോസ്റ്റ റുകൾ കാണാനിടയായി. എന്തുകൊണ്ടന്നറിയാതെ എന്റെ കണ്ണുകൾ വീണ്ടും നനയാൻ തുടങ്ങിയിരിക്കു ന്നു.

അവസാനമായി എനിക്കൊന്ന് കാണണം അവ നെ, പറയാൻ മറന്ന, പറയാൻ ബാക്കി വെച്ച എന്റെ പ്രണയം എനിക്ക് അവനോട് പറയണം.....

എന്റെ കണ്ണുനീർ അനുസരണയില്ലാത്ത കുട്ടിയെ പോലെ വീണ്ടും ഒഴുകികൊണ്ടിരിക്കുന്നു... നിറഞ്ഞ വിശാലതയിലും, തികഞ്ഞ ഏകാന്തതയിലും എന്റെ മനസ്സിൽ നീ എപ്പോഴും നിറഞ്ഞു നിൽക്കും.


Chandana Vinod.T.K

Lakshmipriya
BA. English
























Vedavyasa Inst
DEPT. OF COMPUTER









